ശ്രീ. എം. എ വാഹീദ്: ഏറ്റവും അവസാനം ഉണ്ടായ സംഭവം, തിരുവനന്തപുരത്ത് ഡി. എം. ഒ. ഓഫീസിലുള്ള 300 ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുവേണ്ടി ഇൻറർവ്യൂവിന് ക്ഷണിച്ചിരുന്നു. അത് തിരുവനന്തപുരം സിറ്റിയിൽ മാത്രമായി ഒതുങ്ങിപ്പോയി. അതിൽ കഴക്കൂട്ടം റൂറൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിലെ ഉദ്യോഗാർത്ഥികളിൽ നിന്ന് ഒരാളെപ്പോലും വിളിച്ചില്ല. ശ്രീചിത്രാ മെഡിക്കൽ സെൻറിൽ 40 താൽക്കാലിക ഒഴിവുകൾ വന്നു. അതിൽ ഒരാളിനെപ്പോലും കഴക്കൂട്ടം റൂറൽ എംപ്ലോയ്മെൻറ് എക്സ് ചേഞ്ചിൽ നിന്ന് എടുത്തിട്ടില്ല. ഇത് മന്ത്രി പരിശോധിക്കുകയാണെങ്കിൽ ഇങ്ങനെ ഒരു വിവേചനം തിരുവനന്തപുരം നഗരത്തിൽ നടക്കുന്നു എന്ന് അങ്ങേക്ക് ബോദ്ധ്യമാകും. അങ്ങനെയെങ്കിൽ അത് പരിഹരിക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കുകയും, മേലിൽ അതാവർത്തിക്കാത്ത രീതിയിൽ കഴക്കൂട്ടം റൂറൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിനെ കൂടി തിരുവനന്തപുരം നഗരത്തിലെ വേക്കൻസികളിൽ തുല്യമായി പരിഗണിക്കും എന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് ഉറപ്പ് നൽകാമോ?

ശ്രീ. ബാബു ദിവാകരൻ: സർ, ഞാൻ അത് നേരത്തേ തന്നെ പറഞ്ഞു. ഇപ്പോഴത്തെ നിയമമനുസരിച്ച് ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ അതാതു എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ പരിധിയിൽ നിന്ന് മാത്രം നടത്തണമെന്നാണ്. പക്ഷെ നമ്മൾ അതിന് ഒരു ഭേദഗതി വരുത്തിയാണ് സ്ഥിരം ജീവനക്കാരുടെ കാര്യത്തിൽ കഴക്കൂട്ടം എംപ്ലോയ് മെൻറ് എക്സ്ചേഞ്ചിനെ കൂടി ഉൾപ്പെടുത്തിയത്. എന്തായാലും തിരുവനന്തപുരം പട്ടണത്തിൽ മൊത്തത്തിലുണ്ടാകുന്ന ഒഴിവുകൾ പരിഗണി ക്കുമ്പോൾ മെഡിക്കൽ കോളേജ് അടക്കമുള്ള ഏരിയായെക്കൂടി ബാധക മാക്കിയിട്ടുണ്ട്. ഡി. എം. ഒ. ഓഫീസ് സ്ഥിതിചെയ്യുന്നത് ആ പരിധി യിലല്ലാത്തതുകൊണ്ടാണ് മെമ്പർ പറഞ്ഞ പ്രശ്നം വന്നത്. തീർച്ചയായും തിരുവനന്തപുരം പട്ടണത്തിൽ മൊത്തത്തിലുണ്ടാകുന്ന ഒഴിവുകൾക്ക് കഴക്കൂട്ടം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിനെക്കൂടി തുല്യമായി പരിഗണിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കും.

IV. സബ്മിഷൻ

(1) അനിൽകുമാർ എന്ന തടവുകാരൻറെ മരണം

ശ്രീ. കെ. മോഹൻകുമാർ: സർ, എൻറെ നിയോജകമണ്ഡലത്തിൽ താമസക്കാരനാണെങ്കിലും നേരം മണ്ഡലത്തിൽ കഴിഞ്ഞ ഏതാനും വർഷ ക്കാലമായി താമസിച്ചു വന്നിരുന്ന അനിൽകുമാർ വിചാരണ തടവുകാര നായിരിക്കെ ജൂലൈ 9-ന് പൂജപ്പുര സെൻട്രൽ ജയിലിൽ വച്ച് മരണ പ്പെടുകയുണ്ടായി. എന്നാൽ അനിൽകുമാറിൻറെ മൃതശരീരം മറെറാരു തടവുകാരനേറതാണെന്ന് തെറ്റിദ്ധരിച്ച് ആലപ്പുഴ ജില്ലയിലെ കരുവാറ്റയിൽ സംസ്കരിക്കുകയുണ്ടായി. ഇതുമൂലം അനിൽകുമാറിൻറെ മൃതശരീരം ആചാരപ്രകാരം സംസ്കരിക്കാനുള്ള അവകാശം മക്കൾക്കും ബന്ധുമിത്രാ ദികൾക്കും നിഷേധിക്കപ്പെടുകയുണ്ടായി. ഇതേ വിഷയം സംബന്ധിച്ച് ഇന്നലെ ശ്രീ. ടി. കെ. ദേവകുമാർ വളരെ വിശദമായി സംസാരിച്ച കാര്യങ്ങൾ ആവർത്തിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. എങ്കിലും ഒരു പരിഷ്കൃത സമൂഹത്തിനും പ്രതിബദ്ധതയുള്ള ഒരു ജനകീയ സർക്കാരിനും അപമാനം വരുത്തിവച്ച ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വ മില്ലായ്മയും ഉദാസീനതയും കണക്കിലെടുത്ത് അവരെ മനുഷ്യകാപരമായി

LIBRARY ARCHIVES Kerala Legislative Assembly

ശിക്ഷിക്കണം. ഒരു തെറ്റ് സംഭവിച്ചു എന്ന് ഗവൺമെൻറ് വളരെ ആർജ്ജവത്തോടുകൂടി സമ്മതിക്കുകയുണ്ടായി. അത് അഭിനന്ദനാർഹമാണ്. എനിക്ക് ഇവിടെ അവതരിപ്പിക്കാനുള്ളത് അനിൽകുമാറിനെ പോലീസ് കസ്റ്റഡിയിൽ എടുത്തത് അദ്ദേഹത്തിൻെറ ഭാര്യയുടെ ദുരൂഹ സാഹചര്യത്തിലുള്ള മരണത്തെ തുടർന്നാണ്. കസ്റ്റഡിയിൽ എടുത്തതിനുശേഷം അനിൽകുമാറിനെ ജാമ്യത്തിലെടുക്കാൻ കഴിഞ്ഞ ആറ്, ഏഴ് മാസക്കാലത്തിനിടയിൽ ആരും തന്നെ ശ്രമിക്കുകയുണ്ടായില്ല. സാമ്പത്തികമായ പരാധീനതയാണ് അതിന് ഒരു കാരണം. ഇപ്പോൾ അമ്മ നഷ്ടപ്പെട്ട രണ്ടു പിഞ്ചു കുട്ടികൾക്ക് അച്ഛനും കൂടി നഷ്ടപ്പെട്ടിരിക്കുകയാണ്. അമ്മയും അച്ഛനും നഷ്ടപ്പെട്ട 14-ഉം 12-ഉം വയസ്സായ സ്കൂൾ കുട്ടികൾ, അവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം നൽകുകയുണ്ടായി. ആരോരും ഇല്ലാതെ സമൂഹത്തിൻെറ കാരുണ്യത്തിനുവേണ്ടി സമൂഹത്തിൻെറ ദയാദാക്ഷിണ്യത്തിനുവേണ്ടി യാചിക്കുന്ന ഈ കുട്ടികൾക്ക് സ്ഥിര വരുമാനമുള്ള ഉറ്റവരോ ഉടയവരോ ഇല്ല. കയറിക്കിടക്കാൻ വാസയോഗ്യമായ ഒരു വസതിയില്ല. അവർക്ക് ചുമട്ടുതൊഴിലാളിയായ പിതാവിൻെറ മൃതശരീരം കാണാനുള്ള അവസരം പോലും ആരൊക്കെയോ ചേർന്ന് നിഷേധിക്കുകയുണ്ടായി. ഈ കുട്ടികളുടെ വിദ്യാഭ്യാസം, ആഹാരം, പാർപ്പിടം ഇവയെല്ലാം തന്നെ ഒരു ചോദ്യചിഹ്നമായി നമ്മുടെ മുമ്പിലേക്ക് വരികയാണ്. ഉമ്മൻചാണ്ടി സർക്കാർ ഇക്കാര്യത്തിൽ ഉണർവ്വോടെ, അലിവോടെ, കാരുണ്യത്തോടെ നടപടികൾ സ്വീകരിക്കണമെന്നും ഈ കുട്ടികളുടെ സംരക്ഷണ ബാധ്യത സമൂഹത്തിൻെറ പേരിൽ ഏറ്റെടുക്കണമെന്നും ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. മോഹൻകുമാർ രണ്ടു കാര്യങ്ങളാണ് ഇവിടെ ഉന്നയിച്ചത്. ഭാര്യയുടെ സംശയകരമായ മരണത്തെത്തുടർന്ന് വിചാരണ തടവുകാരനായി പൂജപ്പുര സെൻട്രൽ ജയിലിൽ കഴിഞ്ഞിരുന്ന അനിൽകുമാർ മരിച്ചു. അദ്ദേഹത്തിൻെറ മൃതദേഹം മറ്റൊരു തടവുകാരൻേറതാണെന്ന് വിചാരിച്ച് കൊണ്ടുപോയി ദഹിപ്പിച്ച സംഭവം, അതിന് ഉത്തരവാദികളായിട്ടുള്ളവരുടെ പേരിൽ നടപടിയെടുക്കണം. മറ്റൊന്ന്, അനാഥമായ ആ കുടുംബത്തിന് വേണ്ടത്ര സഹായങ്ങൾ ചെയ്തുകൊടുക്കണം. ഇക്കാര്യം ഇന്നലെ വിശദമായി ഇവിടെ ചർച്ച ചെയ്തതുകൊണ്ട് ഞാൻ വിശദമായ കാര്യങ്ങളിലേക്കൊന്നും പോകുന്നില്ല. ഞാൻ ഇന്നലെത്തന്നെ പറഞ്ഞു, ഇതൊരു അബദ്ധം പറ്റിയതാണ്; പക്ഷെ ഒരിക്കലും* സംഭവിക്കാൻ പാടില്ലാത്ത ഒന്നായിരുന്നു പറ്റിയത്. ഇതുസംബന്ധിച്ച് ഇന്നലെത്തന്നെ അടിയന്തിരമായി അന്വേഷണം നടത്തി പ്രാരംഭ റിപ്പോർട്ട് വാങ്ങി. അതിൽ കുറ്റക്കാരായി കണ്ടത്, അതായത് മൃതദേഹം തെറ്റായിട്ട് ഐഡൻറിഫൈ ചെയ്തതിന് കുറ്റക്കാരായിട്ടുള്ളവരുടേയും, അതിനുശേഷം ആര് മരിച്ചു എന്നുപോലും അറിയാതെ കുറേ ദിവസങ്ങൾ കടന്നുപോയതിനെ സംബന്ധിച്ചും ഉള്ള ഉത്തരവാദിത്വം ആർക്കാണ് എന്നതിനെ സംബന്ധിച്ച് നോക്കി, ഇന്നലെ കിട്ടിയ പ്രാരംഭ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ, 5 പേരെ സസ്പെൻറ് ചെയ്തിട്ടുണ്ട്. വീണ്ടും വിശദമായ അന്വേഷണത്തിന് ഉത്തരവ് കൊടുത്തിരിക്കുകയാണ്. ഇതിൻെറ എല്ലാ വശങ്ങളും നോക്കി മൂന്നു മാസത്തിനകം വിശദമായ റിപ്പോർട്ട് തരാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വിശദമായി നടക്കുന്ന അന്വേഷണത്തിൽ ഇനിയും കുറ്റക്കാരായി ആരെയെങ്കിലും കണ്ടെത്തിയാൽ അവരുടെ പേരിലും നടപടിയെടുക്കും. അതോടൊപ്പംതന്നെ ആളെ തെറ്റി ടെലഗ്രാം അടിച്ചത്, അതും ജയിൽ അധികൃതരുടെ ഭാഗത്തുനിന്ന് വന്ന

LIBRARY ARCHIVES Kerala Legislative Assembly

വീഴ്ചാണ്; അവരുടെ ഭാഗത്തുനിന്ന് വരാൻ പാടില്ലാത്ത, ഉണ്ടാകാൻ പാടില്ലാത്ത വീഴ്ചയാണ്. അടുത്ത ബന്ധുക്കൾ വന്ന് മൃതദേഹം ഐഡന്റിഫൈ ചെയ്ത ഇവിടെ നിന്ന് കൊണ്ടുപോയി വളരെയധികം ആളുകൾ പങ്കെടുത്താണ് ശവദാഹം നടത്തിയത്. അത് എങ്ങനെ സംഭവിച്ചു, അതിന്റെ സാഹചര്യങ്ങൾ എന്താണ് എന്നതിനെക്കുറിച്ചും പോലീസ് അന്വേഷിക്കും. ഇത്രയധികം ആളുകൾ മൃതശരീരം കണ്ടിട്ടും കൃത്യമായി ഐഡന്റിഫൈ ചെയ്യാതെ പോയതിനെക്കുറിച്ചും അന്വേഷിക്കും. ഇതിന് ഉത്തരവാദികളായിട്ടുള്ളവർ പ്രാരംഭ റിപ്പോർട്ടിൽ വന്നിട്ടുള്ളത് ജി. വേണുഗോപാലൻ നായർ, ഹെഡ് വാർഡൻ, എസ്. ശശികുമാരൻ നായർ, ചീഫ് വാർഡൻ, ശ്രീ. എ. എൻ. സുകുമാരൻ, അസിസ്റ്റന്റ് ജയിലർ ശ്രീ. ശശാങ്കൻ, ഹെഡ് വാർഡൻ, ശ്രീ. രഞ്ജിത്കുമാർ എന്നിവരാണ്. ഈ അഞ്ചു പേരെയാണ് സസ്പെൻഡ് ചെയ്തിരിക്കുന്നത്. വിശദമായിട്ടുള്ള അന്വേഷണം ജയിൽ ഡി. ഐ. ജി. നടത്തി മൂന്നു മാസത്തിനകം റിപ്പോർട്ട് തരും. അതിന്റെ അടിസ്ഥാനത്തിൽ മറ്റു കാര്യങ്ങളിലേയ്ക്കും നോക്കും. എല്ലാ ചികിത്സയും കിട്ടിയതിനുശേഷമാണ് അദ്ദേഹം മരിക്കുന്നത്. ഏതെങ്കിലും വിധത്തിലുള്ള ഒരു വീഴ്ച ചികിൽസ കിട്ടുന്ന കാര്യത്തിലോ മറ്റ് കാര്യങ്ങളിലോ ഉണ്ടായിട്ടില്ലായെങ്കിലും ഇങ്ങനെ ആയ മാറി മൃതദേഹം മറവുചെയ്ത പ്രത്യേക ഒരു സാഹചര്യം ഗൗരവപൂർണ്ണമായി ഗവൺമെന്റ് ഉൾക്കൊള്ളുന്നു. അതിനുപരി ശ്രീ. മോഹൻകുമാർ ഇവിടെ ഉന്നയിച്ചത്, ഇതൊരു മാനുഷിക പ്രശ്നമാണ് എന്നുള്ളതാണ്. കാരണം അമ്മ മരിച്ചു, അമ്മയുടെ മരണവുമായി ബന്ധപ്പെട്ടാണ് ഇദ്ദേഹം ജയിലിലായത്. ഇപ്പോൾ അച്ഛനും മരിച്ചു. ആ രണ്ടു കുട്ടികളെ സഹായിക്കാനും വളർത്താനും സാധിക്കത്തക്കവിധത്തിൽ സാമ്പത്തിക ശേഷിയുള്ള അടുത്ത ബന്ധുക്കൾ ആരുമില്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആ രണ്ടു കുട്ടികളും ഇന്ന് രാവിലെ വന്ന് എന്നെ കണ്ടു. എനിക്ക് നിവേദനങ്ങൾ തന്നിട്ടുണ്ട്. സർ, ആ രണ്ടു കുട്ടികളുടെ കാര്യത്തിലും അവരുടെ സംരക്ഷണത്തിന്റെ കാര്യത്തിലും ഗവൺമെന്റ് ചെയ്യാവുന്നതെല്ലാം ചെയ്യും. അത് ആലോചിച്ച് ഉടനെ തീരുമാനമെടുക്കുമെന്നുകൂടി പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

(2) പാലക്കാട് ജില്ലയിൽ മീന എന്ന യുവതി ആത്മഹത്യ ചെയ്തതു സംബന്ധിച്ച്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: പാലക്കാട്, എലപ്പുള്ളി, മുദിരംപള്ളം പാറയിൽ താമസിക്കുന്ന കൃഷ്ണകുമാറിന് വിവാഹം ചെയ്തു കൊടുത്ത പാലക്കാട് മുനിസിപ്പാലിറ്റിയിലെ മാങ്കാവിൽ താമസിക്കുന്ന ഇന്ദിരയുടെ മകൾ മീന ഭർതൃഗൃഹത്തിൽ തൂങ്ങിമരിച്ച നിലയിൽ കണ്ട സംഭവത്തിൽ വേണ്ട രീതിയിൽ അന്വേഷണം നടത്തിയിട്ടില്ല എന്നുള്ള പരാതിയാണ് സബ്മിഷനായിട്ട് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. 2005 ഏപ്രിൽ 3-ാം തീയതിയാണ് വരന്റെ വീട്ടുകാർ ആവശ്യപ്പെട്ട 25,000 രൂപയും 30 പവന്റെ ആഭരണങ്ങളും നൽകി വിവാഹം നടത്തിക്കൊടുത്തത്. സ്ത്രീധനത്തിന്റെ പേരിൽ ഭർത്താവും ഭർത്താവിന്റെ അച്ഛനും അമ്മയും നിരന്തരമായി തന്നെ പീഡിപ്പിച്ചിരുന്നു എന്ന് മീന പറയുമായിരുന്നു. 25,000 രൂപയുടെ വലിപ്പം പറഞ്ഞ് ആ കുട്ടിയെ ഇടയ്ക്കിടക്ക് കളിയാക്കുമായിരുന്നു എന്നും വീട്ടുവേലക്കാരിയെ ഒഴിവാക്കി മീനയെ വീട്ടുജോലികൾ മുഴുവൻ ചെയ്യിക്കുകയും ആഹാരം നൽകാതിരിക്കുകയും ആഹാരം കഴിക്കുന്നതിനുവേണ്ടി സ്വന്തം വീട്ടിൽ വരേണ്ട സ്ഥിതിവിശേഷമടക്കമുണ്ടാക്കുകയും ചെയ്തിരുന്നു

LIBRARY ARCHIVES Kerala Legislative Assembly